ധന്യാത്മൻ,

ശ്രീനാരായണഗുരുവിന്റെ 93-ാമത് മഹാസമാധിദിനം ചെട്ടികുളങ്ങര ശ്രീനാരായണ ഗുരുധർമ്മാനന്ദ സേവാശ്രമത്തിൽ വച്ച് അനാർഭാടമായും കോവിഡ് -19 പ്രോട്ടോക്കോളനുസരിച്ചും ആചരിക്കുന്നതാണ്.

**മഹാസമാധിചിന്ത**

പരമമായ സുഖാനുഭവമാണ് മഹാസമാധി. ആത്മാവിന്റെ അനുഭവമാണ് സുഖം. സമാധിസുഖം ജീവിച്ചിരിക്കുമ്പോൾ തന്നെ അനുഭവമാക്കിയ അവതാര വരിഷ്ഠനാണ് ശ്രീനാരായണഗുരു. സമാദ്ധ്യാവസ്ഥയിൽ ഉണർന്നു നിന്നു വിളങ്ങുന്ന ആത്മാവിന് ഊണില്ല, ഉറക്കമില്ല, ചിന്തയില്ല. എല്ലാം മൗനമന്ദസ്മിതം. തിരുശരീരത്തിൽ ഉണർന്ന്, ഉജ്ജ്വല പ്രഭയോടെ വിളങ്ങിക്കൊണ്ടിരുന്ന നാരായണഗുരു അരിവുപ്പുറത്തുനിന്നാണ് മാനവരാശിയോട് സംവദിച്ചു തുടങ്ങിയത്. അവിടെ പാറമേൽ ഒരു കല്ലുറപ്പിച്ചുകൊണ്ട് മനുഷ്യഹൃദയങ്ങളിലേക്ക് അവിടുന്ന് നടന്നുകയറുകയായിരുന്നു. ആധുനിക തലമുറ ഇതു തിരിച്ചറിയണം. ജാതി നശീകരണവും മതനവീകരണവും മതസമന്വയവുമായിരുന്നു അവിടുന്ന് ഈ മണ്ണിൽ നിർവ്വഹിച്ചത്. ഈ മതസമന്വയം സൃഷ്ടിച്ചതാണ് അദ്വൈതമതം. അദ്വൈതമതസ്ഥാപകനും അദ്വൈതമതാചാര്യനുമായിരുന്നു ഭഗവാൻ ശ്രീനാരായണൻ. ആ ക്രാന്തദർശി അന്നുമൊഴിഞ്ഞത് ഇന്നു ഫലത്തിൽ വന്നിരിക്കുന്നു. മതങ്ങളെല്ലാം അപ്രസക്തമായിരിക്കുന്നു. ആരാധനാലയങ്ങൾ അടഞ്ഞുമൂകമായിരിക്കുന്നു. നാടും നഗരവും നിശ്ചലമായിരിക്കുന്നു. നാരായണഗുരുവിന്റെ അദ്വൈതമതം ഇന്ന് ഏറെ പ്രസക്തമാകുകയാണ്.

ജാതിഭേദം മതദ്വേഷം<br>
ഏതുമില്ലാതെ സർവ്വരും<br>
സോദരത്വേന വാഴുന്ന<br>
മാതൃകാസ്ഥാനമാണിത്

മുത്തുരത്നം നബിതിരുമേനി വിഭാവനം ചെയ്ത വിശ്വസാഹോദര്യം, അതാണ് ശ്രീനാരായണഗുരുവിന്റെയും മാനവികത. 'മതമേതായാലും മനുഷ്യൻ നന്നായാൽ മതി' അതാണ് മാനവികതയുടെ അന്തർധാര. മഹത്തായ വിശ്വമാനവികതയിലേക്ക് അറിഞ്ഞോ അറിയാതെയോ ലോകം അടുത്തുകൊണ്ടിരിക്കുകയാണ്. ഈ മഹാസുദിനത്തിൽ എല്ലാ മനുഷ്യസ്നേഹികളേയും വിശ്വമാനവികതയിലേക്ക് ക്ഷണിച്ചുകൊള്ളുന്നു.

ഓം.. ലോകാ സമസ്താ സുഖിനോ ഭവന്തു

**സ്വാമി ഗുരുജ്ഞാനാനന്ദൻ**<br>
(രക്ഷാധികാരി, സേവാസമിതി)

## കാര്യപരിപാടി

## 2020 സെപ്റ്റംബർ 21 തിങ്കളാഴ്ച
## (1196 കന്നി 5)

| | |
|---|---|
| രാവിലെ 06.30 മുതൽ | : **ഹവനം** |
| | ഗുരുപൂജ |
| | പ്രാർത്ഥനായജ്ഞം |
| 09.00 മുതൽ | : **സമൂഹപ്രാർത്ഥന** |
| 10.00-ന് | : **കഞ്ഞിവീഴ്ത്തൽ** |
| 11.00 മുതൽ | : **അനുസ്മരണ സമ്മേളനം** |
| 03.15-ന് | : **മഹാസമാധി പ്രാർത്ഥന** |
| 4.00 മുതൽ | : വസ്ത്രദാനം |
| 06.00 മുതൽ | : ദീപാരാധന |



**മഹാസമാധിയിലണഞ്ഞ ദീപമേ!**<br>
**മനോമുകുരത്തിലുദിച്ച ദൈവമേ!**<br>
**ശിവഗിരീശ്വരാ മഹാശയാ ശംഭോ!**<br>
**ശരണാർത്ഥികളിൽ ശുഭമരുളുക**



## പൊതുസമ്മേളനം

**2020 സെപ്തംബർ 21 തിങ്കളാഴ്ച @ 11.00 AM**

| | | |
|---|---|---|
| അദ്ധ്യക്ഷൻ | : | **ശ്രീ.ആർ.അരവിന്ദാക്ഷൻ** (ബഹു പ്രസിഡന്റ്, സേവാസമിതി) |
| ഈശ്വരപ്രാർത്ഥന | : | ഗുരുകുല വിദ്യാർത്ഥികൾ |
| സ്വാഗതം | : | **ശ്രീ.അനിൽ.കെ.ശിവരാജ്** (ജനറൽ സെക്രട്ടറി, സേവാസമിതി) |
| ഉദ്ഘാടനം | : | **ശ്രീമദ് സ്വാമി ഗുരു ജ്ഞാനാനന്ദൻ** (ആശ്രമാചാര്യൻ) |
| മുഖ്യപ്രഭാഷണം | : | **ശ്രീ.എൻ. ശശീന്ദ്രൻ** (ബഹു എഡിറ്റർ, ഹംസധ്വനി) |
| കാവ്യാർച്ചന | : | **ശ്രീ. കെ.ഹേമചന്ദ്രൻ** (ബഹു. മുൻ പ്രസിഡന്റ്, സേവാസമിതി) |
| മഹാസമാധിസന്ദേശം | : | **ശ്രീമദ് സ്വാമി പ്രേമാനന്ദൻ** (ബഹു വൈസ് പ്രസിഡന്റ്, സേവാസമിതി) |
| അനുഭവസാക്ഷ്യം | : | ഭക്തജനങ്ങൾ |
| അനുസ്മരണസന്ദേശം | : | **ശ്രീമതി. ബേബി ഹരിദാസ്** (ബഹു. മുൻ ജോയിന്റ് സെക്രട്ടറി, സേവാസമിതി) |
| സ്തോത്രാലാപനം | : | **ശ്രീമതി. വസന്താദേവി എ.** (സേവാസമിതി) |
| കൃതജ്ഞത | : | **ഗുരുരാജ് എസ്.** (ഗുരുകുല വിദ്യാർത്ഥി) |

### വസ്ത്രദാനം

രജിസ്ട്രേഷൻ സെപ്റ്റംബർ 18, 19 തീയതികളിൽ, രാവിലെ 9 മുതൽ വൈകിട്ട് 5 വരെ. ആദ്യത്തെ അൻപത് ടോക്കണുകൾക്ക് 21-09-2020 തിങ്കളാഴ്ച വൈകിട്ട് 4 മുതൽ 6 വരെയും ശേഷമുള്ളവർക്ക് 22-09-2020 ചൊവ്വാഴ്ച രാവിലെ 9 മുതൽ വൈകിട്ട് 5 വരെയും ആയിരിക്കും വസ്ത്രം വിതരണം ചെയ്യുക. രജിസ്ട്രേഷനും വസ്ത്രവിതരണത്തിനും കോവിഡ്-19 പ്രോട്ടോക്കോൾ ബാധകമായിരിക്കും.




# 93 മഹാസമാധി

**2020 സെപ്തംബർ 21 തിങ്കൾ (1196 കന്നി 5)**


**ശ്രീനാരായണ ഗുരുധർമ്മാനന്ദ സേവാശ്രമം**
**ചെട്ടികുളങ്ങര, മാവേലിക്കര-6**

| ശാരദാമഠം | ജ്ഞാനനികേതൻ | സച്ചിദാനന്ദാശ്രമം |
|---|---|---|
| ധർമ്മാനന്ദഗിരി, കൊച്ചുകുരുവിക്കോണം അഞ്ചൽ, കൊല്ലം | പൊൻപാറ, വിതുര, നെടുമങ്ങാട് തിരുവനന്തപുരം | ഇലകമൺ, കെടാകുളം, വർക്കല കൊല്ലം |

ഫോ: 0479 2346475 2348879, 9447955551, 9061063749